(ജി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ട്രേറ്റിലെ ഓഡിറ്റ് വിഭാഗം നടത്തിയ ഓഡിറ്റിന്റെ റിപ്പോർട്ട് അന്തിമമായിട്ടില്ല. 1-9-1997 മുതൽ 31-10-1998 വരെയുള്ള കാലത്തേയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എച്ച്.ഡി.സി.യും പെടുന്നു. ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(എച്ച്) വികസന സമിതിയുടെ കണക്കുകൾ ഡി.എം.ഇ.യിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും പരിശോധിക്കാറുണ്ട്.

മെഡിക്കൽ കോളേജ് ജീവനക്കാരുടെ എണ്ണം

144 (148) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം ഇപ്പോൾ എത്ര ; കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഓരോ കാറ്റഗറിയിലും ഇപ്പോൾ എത്ര വീതമുണ്ട് ;

(സി) കിടക്കകളുടെ അടിസ്ഥാനത്തിൽ 15 മുതൽ 19 വരെയുള്ള വാർഡുകളിൽ വിവിധ കാറ്റഗറികളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം കുറവാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിൽ ആകെ ആവശ്യമുള്ള ജീവനക്കാർ 1705 പേർ ആണ്. കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

145 (149) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ സ്ഥിരമായ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ആശുപത്രികൾ ഏതെല്ലാം ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly